# കേരള സർവ്വകലാശാല

## ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് എയ്ഡഡ് കോളെജുകളിൽ കമ്മ്യൂണിറ്റി ക്വോട്ട അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

എയ്ഡഡ് കോളേജുകളിൽ ലഭ്യമായ കമ്മ്യൂണിറ്റി സീറ്റുകളെ സംബന്ധിച്ച വിവരങ്ങൾ 12.07.2019 –ന് അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ബന്ധപ്പെട്ട കോളേജുകളിൽ 2019 ജൂലായ് 15, 16 തീയതികളിൽ റിപ്പോർട്ട് ചെയ്യേണ്ടതും താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതുമാണ്.

1. അഡ്മിഷൻ വെബ്സൈറ്റിൽ നിന്നും ലോഗിൻ ചെയ്തെടുക്കാവുന്ന കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിച്ചതിന്റെ പ്രിന്റൗട്ട്.

2. അപേക്ഷകന്റെ കമ്മ്യൂണിറ്റി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. വ്യക്തമായി പൂരിപ്പിച്ച കമ്മ്യൂണിറ്റി ക്വോട്ട പ്രവേശനത്തിനുള്ള പ്രത്യേക പ്രൊഫോമ (Performa) (ഇത് അഡ്മിഷൻ സൈറ്റിന്റെ ഹോം പേജിൽ ലഭ്യമാണ്).

കോളേജിൽ സമർപ്പിക്കുന്ന ഈ പ്രൊഫോമയുടെ ഒരു ഭാഗം കോളേജിന്റെ സീലും ബന്ധപ്പെട്ട അധികാരിയുടെ ഒപ്പും, അപേക്ഷ സ്വീകരിച്ച തീയതിയും സമയവും ഉൾപ്പെടെ അപേക്ഷകൻ കൈപ്പറ്റുകയും അത് കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകളിലേക്കുള്ള അഡ്മിഷനുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതുമാണ്.

അപേക്ഷകൻ നേരിട്ടോ പ്രതിനിധി മുഖേനയോ മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ കോളേജുകളിൽ ഈ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലുള്ള കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകളിലേക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജിൽ ഒരു അപേക്ഷ എന്ന രീതിയിൽ സമർപ്പിച്ചാൽ മതി.

ഇപ്രകാരം കോളേജുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകൾക്കുള്ള റാങ്ക് ലിസ്റ്റ് 17.07.2019–ൽ അഡ്മിഷൻ വെബ്സൈറ്റിലും, അതാത് കോളേജുകളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. യൂണിവേഴ്സിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഈ റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും കമ്മ്യൂണിറ്റി ക്വോട്ട സീറ്റുകളിലേക്ക് അഡ്മിഷൻ നടത്തുന്നത്.

ബി. എസ്. സി. കോഴ്സുകൾക്ക് 18.07.2019–ലും

ബി. കോം. കോഴ്സുകൾക്ക് 19.07.2019–ലും

ബി. എ. കോഴ്സുകൾക്ക് 20.07.2019–ലുമായിരിക്കും അഡ്മിഷൻ നടക്കുന്നത്. അഡ്മിഷൻ നടക്കുന്ന ദിവസം അപേക്ഷകനോ / അപേക്ഷകന്റെ പ്രതിനിധിയോ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 11 മണിക്കു മുമ്പായി കോളേജിൽ ഹാജരാകേണ്ടതാണ്. 11 മണിക്കു ശേഷം വരുന്ന അപേക്ഷകരെ ഇതിലേക്കായി പരിഗണിക്കുന്നതല്ല. അപേക്ഷകൻ നൽകിയിരിക്കുന്ന വിവരങ്ങളിൽ തെറ്റുകൾ കണ്ടെത്തുകയോ, മേൽ നിർദ്ദേശിച്ച സമയത്തിനുള്ളിൽ കോളേജിൽ ഹാജരാകാതിരിക്കുകയോ ചെയ്താൽ റാങ്ക്ലിസ്റ്റിലെ അടുത്ത അപേക്ഷകനെ പരിഗണിക്കുന്നതാണ്.

12.07.2019